# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/KKD/P3/1463/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കായണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P3/1463/2023 തീയ്യതി: 20/11/2023

## കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 20-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2023 | 30-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2023 | 30-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീമതി. ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഷിബിൻ.കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ബിബിൻ..ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സി കെ ശശി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ മനോജ് കുമാർ കെ ടി | സെക്രട്ടറി | 01-04-2022 | 28-07-2022 |
| ശ്രീ സായ് പ്രകാശ് എൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-07-2022 | 12-08-2022 |
| ശ്രീ മനോജ് കുമാർ കെ ടി | സെക്രട്ടറി | 13-08-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സായ് പ്രകാശ് എൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ അബ്ദുൾ മജീദ് പി സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ സന്തോഷ് കുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ ജീജ കെ എൻ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 18-05-2022 |
| ഡോ മഹേഷ് കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 19-05-2022 | 31-03-2023 |
| ഡോ നിഷ സി കെ | മെഡിക്കൽ ഓഫീസർ( ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി നീന പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി രജനി | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുധ എം വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ സോജോ എ നെറ്റോ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 09-05-2022 |
| ശ്രീമതി നീതു തോമസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-05-2022 | 31-03-2023 |
| ശ്രീ ആനന്ദൻ പി പി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ജിഷ ഒ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-3 |
| 5 | ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല | 1-1-5 |
| 7 | ഇ-ടെണ്ടർ തുക തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. | 1-1-6 |
| 8 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-7 |
| 9 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1 -2 |
| 11 | സാമ്പത്തിക വിശകലനം (രസീത് ആന്റ് പേയ് മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം ( (ACR പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ക്ഷേമ പദ്ധതികൾ | 1-6 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1- 7 |
| 16 | ആഭ്യന്തര നിയന്ത്രണം | 1- 8 |
| 17 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില കമ്മിയിൽ | 1- 9 |
| 18 | ടാക്സ് ഓഡിറ്റ് | 1- 10 |
| 19 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു | 1- 11 |
| 20 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1- 12 |
| 21 | കേരള വാട്ടർ അതോറിറ്റി കുടിവെള്ളക്കരം അടവാക്കൽ- വാട്ടർ അതോറിറ്റി യഥാസമയം നടപടികളെടുക്കാത്തതിനാൽ കുടിശ്ശിക പെരുകുന്നു. | 1- 13 |
| 22 | അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ - പഞ്ചായത്തിന് അധിക ചെലവ് | 1- 14 |
| 23 | കായണ്ണ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി - വർഷങ്ങൾക്ക് ശേഷവും പദ്ധതി പൂർത്തീകരിച്ചില്ല. | 1- 15 |
| 24 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം - ജി.എസ്.ടി | 1- 16 |

| | | |
|---|---|---|
| | ഒഴിവാക്കിയ ആകെ മൂല്യത്തിന് ഈടാക്കുന്നത് മൂലം ക്ഷേമ നിധി വിഹിതത്തിൽ നഷ്ടം സംഭവിക്കുന്നു. | |
| 25 | ഉറവിട മാലിന്യ സംസ്കരണം റിംഗ് കമ്പോസ്റ്റ് - മതിയായ വിശകലനമില്ലാതെ ആദ്യ സിംഗിൾ ടെണ്ടർ നിരസിച്ചു | 1- 17 |
| 26 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1- 18 |
| 27 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയില്ല. | 1- 19 |
| 28 | ന്യൂട്രിമിക്സ് ഉത്പന്നം - ബിൽ തുകയിൽ നിന്ന് ടി.ഡി.എസ്. ഈടാക്കിയില്ല | 1- 20 |
| 29 | കുടിവെള്ള പദ്ധതി സമഗ്രമായി തയ്യാറാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. | 1- 21 |
| 30 | ടേക്ക് - എ ബ്രേക്ക് പദ്ധതി നടപ്പിലാക്കിയിട്ടില്ല. | 1- 22 |
| 31 | ജനകീയ ഹോട്ടൽ - എഗ്രിമെന്റ് തീയ്യതിക്ക് മുൻപുള്ള മാസങ്ങളിലെ വാടക നൽകി. | 1- 23 |
| 32 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1- 24 |
| 33 | നിറവ് - തരിശ് നെൽകൃഷി -പ്രോജക്ട് നിർവ്വഹണം -അപാകതകൾ | 1- 25 |
| 34 | വ്യക്തിഗത ഗാർഹിക ശൗചാലയം - നിർമ്മാണം പൂർത്തീകരിച്ചില്ല | 1- 26 |
| 35 | ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത | 1- 27 |
| 36 | തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല | 1- 28 |
| 37 | മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നില്ല. | 1- 29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക കണക്ക് ലഭ്യമായ വിവരം | 4 -1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4 -3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപത്തിന്റെ വിവരം | 4 -6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ | 4 -11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 30/06/2023 തിയ്യതിയിലെ 02/01 തീരുമാന പ്രകാരം തയ്യാറാക്കി 10/07/2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കായണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കായണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

സ്ഥാപനം ഇഷ്യു ചെയ്ത് മൂന്ന മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കായണ്ണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നം. 1001000901229 | | |
|---|---|---|
| ചെക്ക് നമ്പർ | തിയതി | തുക |
| 124623 | 02/09/2021 | 450 |
| 125276 | 16/09/2021 | 9940 |
| 131421 | 04/06/2022 | 200 |

1-1-4 ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 30,526/- രൂപയുടെ സ്റ്റോർസ് 2022-23 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ)

1-1-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ബാലൻസ് ഷീറ്റ് B-7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട കാലഹരണപ്പെട്ട Suppliers EMD- 6,660/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

1-1-6 ഇ-ടെണ്ടർ തുക തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടത്തിയ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള 67393915922 നമ്പർ (എസ്.ബി.ഐ. പേരാമ്പ്ര) അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 27/02/2017 ൽ ആരംഭിച്ച ഈ അക്കൗണ്ടിൽ 31/03/2023 വരെ 87,860/- രൂപ നീക്കിയിരിപ്പുണ്ട്, ഈ തുക തനത് ഫണ്ടിൽ അടവാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

1-1-7 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

Property Tax On Non-Residential Buildings ഇനത്തിൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-1 പ്രകാരം 571,115/- രൂപയും ഡി.സി.ബി രജിസ്റ്റർ പ്രകാരം 5,70,865/- രൂപയും രേഖപ്പെടുത്തിയിരിക്കുന്നു. 31/03/2023ന് 250/- രൂപയുടെ രസീത് തെറ്റായ ശീർഷകത്തിൽ നൽകിയിട്ടുണ്ട്.

1-1-8 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂളിൽ ഇൻവെസ്റ്റ്മെന്റ് (Preference Share) 10,000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്, ഇൻവെസ്റ്റ്മെന്റ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ്, രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

## 1 -2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തെ ബജറ്റ് 23/03/2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 27/02/2023 ലെ 18-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

1. ചെലവ് ബജറ്റ് പ്രൊവിഷനു പുറത്ത്

ബജറ്റിലും പുതുക്കിയ ബജറ്റിലും പ്രതീക്ഷിച്ച ചെലവും, വാർഷികകണക്കു പ്രകാരമുള്ള യഥാർത്ഥ ചെലവും ലോണിനത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ബഡ്ജറ്റിൽ വകയിരുത്തിയത് | യഥാർത്ഥത്തിൽ ചെലവായത് |
|---|---|
| 238205 | 2059008 |

2. പ്രധാനപ്പെട്ട ബജറ്റ് രേഖകൾ തയ്യാറാക്കിയില്ല

മാന്വൽ പ്രകാരം താഴെ കൊടുത്ത രേഖകൾ ബജറ്റിനൊപ്പം തയ്യാറാക്കേണ്ടതാണ്.

എ) ബജറ്റ് നോട്ട്

ബി) ബജറ്റ് സ്പീച്ച്

സി) ജന്റർ ബജറ്റ്

ഡി) പെർഫോമൻസ് ബജറ്റ്

എന്നാൽ ഇവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബജറ്റ് രൂപീകരണത്തിലും പരിപാലനത്തിലുമുള്ള അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (രസീത് ആന്റ് പേയ് മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6409636 |
| വരവ് | 20420934 |
| ആകെ | 26830570 |
| ചെലവ് | 23308382 |
| നീക്കിയിരിപ്പ് | 3522188 |

## 1-4 ഫണ്ട് വിനിയോഗം ( (ACR പ്രകാരം)

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | | 0 | 8319551 | 8319551 | 8319551 | 0 |
| വികസന ഫണ്ട് - എസ്.സി.പി | | 0 | 3448841 | 3448841 | 3164956 | 283885 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 122000 | 122000 | 122000 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 8768000 | 8768000 | 5965594 | 2802406 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4570000 | 4570000 | 4570000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ഗ്രാന്റ്) | ബാങ്ക് | 1366870 | 2791000 | 4157870 | 2590787 | 1567083 |
| | ട്രഷറി | 0 | 1888784 | 1888784 | 1249662 | 639122 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഗ്രാന്റ്) | ബാങ്ക് | 543389 | 1861000 | 2404389 | 1954617 | 549994 |

കുറിപ്പ് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഗ്രാന്റ്) , നീക്കിയിരിപ്പും,മുന്നിരിപ്പും പലിശ ഉൾപ്പെടെയുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച നിക്കീയിരിപ്പ് Sankhya ACR പ്രകാരമുള്ള നിക്കീയിരിപ്പാണ് .

1.മെയിന്റനൻസ് ഗ്രാന്റ്, (നോൺ-റോഡ്) യഥാർത്ഥ ചെലവ് - 45,63,884/- രൂപയാണ്. ACR പ്രകാരം ചെലവായി രേഖപ്പെടുത്തിയ (FHC 880+5236 = 6,116/- രൂപ യഥാർത്ഥത്തിൽ ചെലവ് വന്നിട്ടില്ല.

ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ച വികസനഫണ്ടിന്റെ യഥാർത്ഥ വിവരം (ജി.ഒ പ്രോജക്ട് ഉൾപ്പെടെ)

| ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമായ അലോട്ട്മെന്റ് | എ.സി.ആർവരവ് | ജി.ഓ പ്രോജക്ട് | ആകെ | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 10602000 | 8319551 | 2282449 | 10602000 | 10602000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 3970000 | 3448841 | 521159 | 3970000 | 3686115 | 283885 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 144 | 54375044 | 124 | 41733921 | 20 | 86.11 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 11 | 11 | 1413155 | 1400535 | 99.10 |
| വെറ്ററിനറി സർജൻ | 5 | 5 | 1783200 | 1631083 | 91.46 |
| മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 14 | 13 | 3019103 | 2882594 | 95.47 |
| മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 2 | 2 | 212170 | 212170 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 11 | 7 | 1595030 | 1181694 | 74.08 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 3758499 | 3703599 | 98.53 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 31 | 28 | 20582685 | 14934466 | 72.55 |
| ഡയറി ഫാം ഓഫീസർ | 2 | 2 | 3200000 | 3200000 | 100 |
| സെക്രട്ടറി | 39 | 30 | 8390321 | 6321775 | 75.34 |
| അസി.സെക്രട്ടറി | 3 | 3 | 332020 | 297020 | 89.45 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | 9 | 7 | 9321575 | 5201739 | 55.80 |
| ഹെഡ്മാസ്റ്റർ | 8 | 8 | 767286 | 767246 | 99.99 |
| | 144 | 124 | 54375044 | 41733921 | |

ഡി.പി.സി. അഗീകാരം ലഭിച്ച 144 പ്രോജക്ടുകളിൽ 124 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 5,43,75,044/-രൂപ വകയിരുത്തിയതിൽ 4,17,33,921/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2,31,079/-രൂപ തനതു ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5109400 | 450 |
| വിധവ പെൻഷൻ | 6762800 | 525 |
| വാർദ്ധക്യകാലപെൻഷൻ | 11692800 | 925 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 172200 | 21 |
| വികലാംഗ പെൻഷൻ | 2111800 | 210 |
| വിധവകളുടെ പെൺമക്കളുടെ | 30000 | 1 |

| | | |
|---|---|---|
| ധനസഹായം | | |

## 1- 7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-10-2023ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,000/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1- 8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

ഓഫീസ് ഉത്തരവ് രജിസ്റ്റർ പ്രകാരം 1-7-21 ലെ എ1-521/2021 ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ എല്ലാ ഉത്തരവാദിത്വങ്ങളും ജീവനക്കാർക്ക് കൃത്യമായി വിഭജിച്ച് നൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി വിഭജനം ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗ് നടത്തി ഓരോ മാസവും പഞ്ചായത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും ഇതുവരെ ചെയ്ത പ്രവർത്തന പുരോഗതിയും വിലയിരുത്തുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ 1-4-22, 16-5-22, 3-6-22, 1-7-22, 10-8-22, 3-8-22, 27-9-22, 11-10-22, 5-12-22, 14-1-23,24-1-23, 15-2-23, 21-6-22, 24-6-22, 16-9-22, 1-3-23 എന്നിങ്ങനെ 13 തവണയായി ഓഫീസ് മീറ്റിംഗ് നടത്തിയിട്ടുണ്ട്. തൻവർഷത്തെ വിവിധ പർച്ചേസുകളിലൂടെ വാങ്ങിയ ഫർണ്ണിച്ചറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ പഞ്ചായത്തിന്റെ മൂവബിൾ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി 99/23 പ്രോജക്റ്റ് പ്രകാരം എൻ.ആർ.ഇ.ജി.എസ് ഓഫീസിലേക്ക് വാങ്ങിയ ഫർണിച്ചറുകൾ (6 ടേബിളുകൾ, 5 കബോർഡുകൾ, 6 റിവോൾവിങ് ചെയറുകൾ എന്നിവ). പ്രൊക്യൂർമെന്റ് കമ്മറ്റി രജിസ്റ്ററിൽ എല്ലാ പ്രൊക്യൂർമെന്റുകളും ആർജ്ജിച്ചതെങ്ങിനെയെന്ന് വിശദമാക്കിയിട്ടില്ല. അപാകതകൾക്കായി ഖ-1-17 കാണുക. വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കി അറിയിക്കേണ്ടതാണ്.

## 1- 9 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില കമ്മിയിൽ

ഗ്രാമപഞ്ചായത്തിന്റെ 2022 - 23 വർഷത്തെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2022-23 | | | |
|---|---|---|---|
| ബാദ്ധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ | തുക |
| B4-പ്രത്യേക കാര്യങ്ങൾക്ക് | 4,177,404 | B12 | 10,000 |
| B5 | 15,248,657 | B14 | 30,526 |

| | | | |
|---|---|---|---|
| B7 | 805,399 | B15 | 1,115,830 |
| B9 | 1,563,744 | B17 | 3,522,188 |
| | | B18 | 927,867 |
| ആകെ | 21,795,204 | | 5,606,411 |

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ 16,188,793/-രൂപ തൻവർഷം കമ്മിയാണ് എന്ന് കാണുന്നു. സ്ഥാപനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്ഥാപനം സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1- 10 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിന്റ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ ചുമതലകൾ യഥാവിധി നിറവേറ്റുന്നതിനും പണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽ പറഞ്ഞവയിൽ വസ്തു നികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തു നികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തു നികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കായണ്ണ ഗ്രാമപഞ്ചായത്തിലെ ടാക്സ് ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

കെട്ടിടങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 4468 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി

ഉപയോഗിക്കുന്നതിനായി 1087 കെട്ടിട നമ്പറുകളും, 5 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 112 എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

നികുതി വരുമാനം

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ, നോൺറെസിഡൻഷ്യൽ, കെട്ടിടങ്ങളുടെ ആകെ വസ്തു നികുതി വരവ് 13,13,467/- രൂപയാണ്. വസ്തുനികുതി വരവാണ് ഗ്രാമപഞ്ചായത്തിന്റെ മുഖ്യ തനതു വരുമാനമാർഗ്ഗം.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി വരവ് 20,00,000/- രൂപയായിരുന്നു. ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്ഥിരം സമിതി നികുതി പരിവ് സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്തു വരുന്നുണ്ട്.

ഇ പേയ്മെന്റ്

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാണ്. ഗ്രാമപഞ്ചായത്തിലെ കെട്ടിട്ടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പേരാമ്പ്ര ശാഖയിലെ 67391982027 നമ്പർ ഇ-പെയ്മെന്റ് അക്കൗണ്ടിലേക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക വന്നു ചേരുന്നത്. തുക ഓൺലൈനായി അടവാക്കുമ്പോൾ തന്നെ സഞ്ചയയിൽ അതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുന്നുണ്ടെങ്കിലും അടവാക്കിയ തുക ശരാശരി രണ്ട് മുതൽ മൂന്ന് ദിവസങ്ങൾക്ക് ശേഷം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ഇ-പേയമെന്റ് അക്കൗണ്ടിലേക്ക് ലഭിക്കുന്നത്. ഓൺലൈൻ മുഖേന അടവാക്കപ്പെടുന്ന തുക ആദ്യം ഇൻഫർമേഷൻ കേരള മിഷന്റെ തിരുവനന്തപുരത്തുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പോവുകയും അവിടെ നിന്ന് ഐ.കെ.എം അതത് തദ്ദേശസ്ഥാപനങ്ങളിലേക്ക് തുക കൈമാറുന്നതിന് അനുസരിച്ച് മാത്രം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഓൺലൈനായി അടവാക്കപ്പെടുന്ന തുക സംബന്ധിച്ച് ഐ.കെ.എം നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വീണ്ടും റസീപ്റ്റ് എൻട്രി നടത്തിയാൽ മാത്രമേ തുക ഐ.ൽ.ജി.എം.എസിൽ വരവായി രേഖപ്പെടുത്തപ്പെടുന്നുള്ളൂ.

വസ്തു നികുതി ഇ-പെയ്മെന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നില്ല. 01.04.2022 മുതൽ 31.03.2023 വരെയുള്ള ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മെന്റ് തീയതി | തുക |
|---|---|
| 14.09.2022 | 239 |
| 20.09.2022 | 540 |
| 06.02.2023 | 1314 |
| 07.02.2023 | 126 |

| | |
|---|---|
| 17.02.2023 | 1692 |

2023 – 24 ലെ നികുതി പരിഷ്കരണം

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.07.2023ലെ 08/(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തുനികതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സാധാ)77/2023 /തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന 9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന മേൽ ഉത്തരവിലെ ഖണ്ഡിക 5 ലെ നിർദ്ദേശം ഇതു വരെ പാലിക്കപ്പെട്ടിട്ടില്ല.

പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം ഏപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(1)ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഇ-പെയ്മെന്റ് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതുാണ്.

2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ

ഉൾക്കൊള്ളിക്കേണ്ടതുമാണ്.

4. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

6. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പ് വരുത്തേണ്ടതുമാണ്.

7. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1- 11 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്ന

കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 206 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര് | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 20 കെ.മൊയ്തി | സ്റ്റേഷനറി | 3/12 | മധുസൂദനൻ.പി.ടി, പനിച്ചിങ്ങതറമ്മൽ, | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | | | കായണ്ണ ബസാർ | |
| 45 എം.കെ.ശ്രീന | പലചരക്ക് | 2/123 | നാരായണി, ബിജു, പുളിഞ്ഞോളികുന്നമ്മൽ, കായണ്ണ ബസാർ | പാർപ്പിടാവശ്യം |
| 78 ഇബ്രാഹിം | ഹോട്ടൽ | 13/82 | ഗോപാലൻ, പുതുവായി മീത്തൽ, കായണ്ണ ബസാർ | പാർപ്പിടാവശ്യം |
| 30 ബാവ.ടി.എം | സ്റ്റേഷനറി | 5/261 A | കെട്ടിടം നിലവിലില്ല | |
| 42 മുഹമ്മദ്. പി.സി | നൈറ്റി, ടോപ്പ് വിൽപന | 11/347 | കെട്ടിടം നിലവിലില്ല | |
| 64 ബിജു ജോസഫ് | സിമന്റ് കമ്പി വിൽപന | 6/197 A | കെട്ടിടം നിലവിലില്ല | |
| 85 അബ്ദുറഹിമാൻ | പലചരക്ക് | 4/23 K | കെട്ടിടം നിലവിലില്ല | |
| 114 സുനിൽകുമാർ. സി.വി | ഫാൻസി | 13/170 A | കെട്ടിടം നിലവിലില്ല | |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതാണ് അപാകതയ്ക്ക് കാരണമാവുന്നത്. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

1- 12 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഇത് വ്യക്തമാക്കുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

1. ജീവനക്കാ രിൽ നിന്നും തൊഴിൽ നികുതി ഈ ടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ 36 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ സ്ഥാപന മേധാവികൾ സമർപ്പിക്കുകയും തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ 6 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിക്കുകയോ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| 1 | ചെമ്പ്ര കള്ള്ഷാപ്പ് |
| 2 | എരപ്പംകോട് കള്ള്ഷാപ്പ് |
| 3 | പൃൂപ്പ ക്യാഷ് എൻകാരി |
| 4 | ക്വാറി യൂണിറ്റ് (U.T. രവീന്ദ്രൻ) |
| 5 | കൈരളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 6 | അക്ഷയ കരികണ്ടൻപാറ |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഫോറം ഒന്നിൽ നോട്ടീസ് നല്കുകയോ സ്ഥാപന ഉടമകൾ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ ഈ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതിപരിധിയിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ട്.

2. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ

പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | അനീഷ് കെ. |
| 2 | വൽസൻ. എം. |
| 3 | അഷ്റഫ് കെ.കെ. |
| 4 | കൈരളി LCCS |
| 5 | രാജൻ |
| 6 | അഹമ്മദ് സി.കെ. |
| 7 | അഞ്ചൽ |
| 8 | നാരായണൻ |
| 9 | ബിജു ചാലക്കര |
| 10 | ശശി. ടി. |

2022-23 സാമ്പത്തിക വർഷം മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ലാത്ത എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/2022-23 തിയതി. 30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ കരാറുകാരെയും, റേഷൻ കടകളെയും, എൽ.ബി.എസ് മാരെയും ഉൾപ്പെടുത്തേണ്ടതും 2022-23 സാമ്പത്തിക വർഷത്തിൽ ഈടാക്കാനുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1- 13 കേരള വാട്ടർ അതോറിറ്റി കുടിവെള്ളക്കരം അടവാക്കൽ- വാട്ടർ അതോറിറ്റി യഥാസമയം നടപടികളെടുക്കാത്തതിനാൽ കുടിശ്ശിക പെരുകുന്നു.

പ്രൊജക്ട് നമ്പർ - 44/23
വകയിരുത്തിയ തുക - 2,95,634(റോഡിതര സംരക്ഷണ ഗ്രാന്റ്)
ചെലവുതുക - 2,95,634
നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനാണ് പ്രൊജക്ട് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ

വാട്ടർ അതോറിറ്റിയിൽ നിന്നും പ്രതിമാസം ലഭിക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം നേരിട്ട് അടവാക്കുകയോ, തനത് ഫണ്ടിൽ നിന്നും അടവാക്കിയ തുക റീ ക്ലൂപ്പ് ചെയ്തുനൽകുകയോ ആണ് ചെയ്തത്. 12.6.2020 ന് വാട്ടർ അതോറിറ്റി ലഭ്യമാക്കിയ സംയുക്ത പരിശോധനാറിപ്പോർട്ട് പ്രകാരം 57 എണ്ണം പ്രവർത്തനക്ഷമമാണെന്നറിയിച്ചതിന്റെയടിസ്ഥാനത്തിൽ ഓഡിറ്റ് വർഷത്തിന്റെ തുടക്കത്തിലും 57 ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കിയത്. 19-8-22 ലെ ഭരണസമിതിയുടെ 16(1) തീരുമാന പ്രകാരം നിലവിൽ വാട്ടർ അതോറിറ്റിയും പഞ്ചായത്തും അംഗീകരിച്ച 57 പൈപ്പുകളിൽ 30 എണ്ണം മാത്രമേ ആവശ്യമുള്ളൂ എന്ന് കണ്ടെത്തി അംഗീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ 27 എണ്ണം ഡിസ്കണക്ട് ചെയ്തു തരണമെന്നും വടകര വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ 16-9-22 ലെ Sc2-2267/22 കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പ്രതിമാസ വാടക ആയതിനനുസരിച്ച് റീഫിക്സ് ചെയ്തു തരാനും വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 14 ദിവസത്തിനകം കണക്ഷനുകൾ കട്ട് ചെയ്ത് തരാത്ത പക്ഷം വാട്ടർ ചാർജ്ജ് അടവാക്കാൻ ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടായിരിക്കില്ലെന്നും KWA യെ അറിയിച്ചിട്ടുണ്ട്. തുടർന്ന് ഒക്ടോബർ 2022 മുതൽ 57 വാട്ടർ ടാപ്പുകളുടെ ചാർജ്ജ് അടക്കാനുള്ള ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് 30 വാട്ടർ ടാപ്പുകളുടെ ചാർജ്ജ് മാത്രമേ അടവാക്കുന്നുള്ളൂ. തുടർന്ന് വാട്ടർ അതോറിറ്റിക്ക് നിരന്തരം കത്തെഴുതിയതിന്റെയടിസ്ഥാനത്തിൽ 1/2023 മുതൽ 30 സ്ട്രീറ്റ് ടാപ്പുകളുടെ ചാർജ്ജ് കണക്കാക്കിയുള്ള ഡിമാന്റ് നോട്ടീസുകൾ വരുകയും ആയതിന്റെയടിസ്ഥാനത്തിൽ ചാർജ്ജ് അടക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 10/2022 മുതൽ 12/22 വരെ 57 വാട്ടർ ടാപ്പുകളുടെ ചാർജ്ജ് ഉൾപ്പെടുന്ന ഡിമാന്റ് നോട്ടീസ് തന്നെയാണ് വാട്ടർ അതോറിറ്റി നൽകിയിരിക്കുന്നത്. അതിനാൽ തന്നെ വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വലിയൊരു തുക അടക്കാനവശേഷിക്കുന്നു. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ ഏറ്റവും അവസാനമായി വന്ന ബിൽ നം 78730/12-10-23 പ്രകാരം 2023 ഒക്ടോബർ മാസത്തെ 30 സ്ട്രീറ്റ് ടാപ്പുകളുടെ ചാർജ്ജായ 36,398/- രൂപയ്ക്കു പുറമെ 1,75,861/- രൂപയും 3,464/- രൂപ ഫൈനും ഉൾപ്പെടെ 2,15,723/- രൂപ വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ അടക്കാനുള്ളതായി അറിയിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പാക്കി 2020-2021 ഓഡിറ്റ് റിപ്പോർട്ട് ഖ-1-31 ൽ പറഞ്ഞിരിക്കുന്ന പ്രകാരം 7/20 മുതൽ ആഗസ്റ്റ് 2021 വരെ 14 മാസക്കാലം വാട്ടർ അതോറിറ്റി അർഹമായതിലും കൂടിയ തുക വെള്ളക്കരമിനത്തിൽ ഈടാക്കിയത് തിരികെ ഈടാക്കുന്നതിനും, മേൽ കാണിച്ചിരിക്കുന്ന പ്രകാരം 10/2022 മുതൽ 12/22 വരെ അധികമായി കണക്കാക്കിയ കുടിശ്ശിക തുകയും തുടർ ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തു നൽകുന്നതിനും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ കൈകൊണ്ട് വിവരം അറിയിക്കേണ്ടതാണ്.

## 1- 14 അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ - പഞ്ചായത്തിന് അധിക ചെലവ്

പഞ്ചായത്തിൽ 17 അങ്കണവാടികളാണുള്ളത്. അനുപൂരക പോഷകാഹാര വിതരണത്തിന്റെ ഓഡിറ്റിന്റെ ഭാഗമായി നടന്നിട്ടുള്ള പാചകവാതക ചെലവു വിശദാംശം പരിശോധിച്ചതിൽ ഈ അങ്കണവാടികളിലെല്ലാം വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷനാണുള്ളതെന്ന് കാണുന്നു. ഈയിനത്തിൽ വലിയൊരു തുകയാണ് ഓരോ വർഷവും ചെലവഴിക്കുന്നത്. ഓഡിറ്റ് വർഷം ഈയിനത്തിൽ ആകെ 1,16,830/-രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തിക നില വളരെ പിന്നോക്കം നിൽക്കുന്ന അവസ്ഥയിലും ഈ വിധത്തിലുള്ള അധിക ചെലവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ലാഭേച്ഛയില്ലാതെ തികച്ചും സേവനാടിസ്ഥാനത്തിൽ പ്രവൃത്തിക്കുന്ന അങ്കണവാടികളിൽ ഗാർഹിക നിരക്കിലുള്ള സിലിണ്ടറിനായി അപേക്ഷ നൽകുകയോ, ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കണക്ഷൻ മാറ്റുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചത്. അങ്കണവാടികളിലെ ഗ്യാസ് കണക്ഷനുകൾ ഗാർഹിക

നിരക്കിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. ഈ വിഷയത്തിലുണ്ടായ പുരോഗതി അറിയിക്കേണ്ടതാണ്.

1- 15 കായണ്ണ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി - വർഷങ്ങൾക്ക് ശേഷവും പദ്ധതി പൂർത്തീകരിച്ചില്ല.

കായണ്ണ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി 2016 - 17 സാമ്പത്തിക വർഷം ലോകബാങ്ക് ധന സഹായത്തോടെ 2,00,00,000/- (രണ്ടുകോടി രൂപ) വകയിരുത്തി ആരംഭിച്ച പദ്ധതിയാണ്. ഈ പദ്ധതിയിൽ കൊളാരുപാറ, പൂവത്തൻകുന്ന്, പാറച്ചാൽ എന്നീ കുടിവെള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ലോകബാങ്ക് തന്നെ നിയമിച്ച NGO മുഖേന DPR, എസ്റ്റിമേറ്റ്,ഡിസൈൻ, ഡ്രോയിംഗ്സ് എന്നിവ തയ്യാറാക്കി DL TAG Kozhikode വഴി TS NO.KLGSDP/KKD/TAG/1/16-17/6/1/17 നമ്പർ പ്രകാരം TS ലഭ്യമാക്കി റീ ടെണ്ടർ മുഖേന തെരഞ്ഞെടുത്ത ശ്രീ സി.വി ഐസക്ക്, ചെറുതോട്ടിൽ, തമ്മാനിമറ്റം, രാമമംഗലം, എറണാകുളം എന്നയാളും അസിസ്റ്റന്റ് എഞ്ചിനീയറും 13.03.2017 ന് കരാർ നം. 33/AE/LSGD/KYN/ പ്രകാരം കരാറിൽ ഏർപ്പെടുകയും പദ്ധതി ആരംഭിക്കുകയും ചെയ്തു. ടെക്ക്നിക്കൽ സാങ്ഷൻ പ്രകാരം പ്രസ്തുത പദ്ധതി 12/09/2017 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി നാളിതുവരെ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കിയിട്ടില്ല. 2016 – 17 ൽ ആരംഭിച്ച പ്രവൃത്തിയിൽ 31.03.2018 വരെ 1,48,47,441/-രൂപ (ഒരു കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി നാല്പത്തിയേഴായിരത്തി നാന്നൂറ്റിനാൽപ്പത്തിയൊന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ടെന്നും, മൂന്ന് കുടിവെള്ള പദ്ധതികളിൽ പാറച്ചാൽ കുടിവെള്ള പദ്ധതി 2018 മാർച്ചിനു ശേഷം പൂർത്തീകരിക്കുകയും നിലവിൽ കുടിവെള്ളം വിതരണം നടത്തി വരുന്നുമുണ്ടെന്നും, മറ്റ് രണ്ട് കുടിവെള്ള പദ്ധതികളും പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലുമാണെന്നും പ്രസ്തുത പദ്ധതി 2017 -18 വർഷം സ്പിൽ ഓവർ പദ്ധതിയായി തുടരുകയാണെന്നും കായണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് 22/05/2018 ലെ എ2 - 1616/18 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാൻ ബാക്കിയുള്ള 51,52,559/- രൂപ ലഭ്യമാക്കണമെന്നും മേൽ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക ലഭ്യമാക്കിയാണോ തുടർപദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത് എന്ന കാര്യം വ്യക്തമല്ല. ഫണ്ട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

മേൽ പദ്ധതി കരാർ കാലാവധിക്കകം പൂർത്തീകരിക്കുന്നതിനുവേണ്ടി കരാറുകാരന് AE/LSGD /2019/KYN/WBDWSS No.1 Dtd 17/07/19,19/08/19,) പ്രകാരം കത്ത് നൽകിയിരുന്നു. കത്ത് നൽകിയതിനു ശേഷവും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് പദ്ധതി പൂർത്തീകരിക്കാത്തതിനാൽ കരാർ വ്യവസ്ഥ പ്രകാരവും ഭരണസമിതി തീരുമാന പ്രകാരവും (29/08/2019 ലെ 1(1)19) കരാറുകാരനെ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

മേൽ കുടിവെള്ള പദ്ധതി നടപ്പിലാക്കിയതിന്റെ പണം ലഭിക്കുന്നതിനുവേണ്ടി കരാറുകാരനായ ശ്രീ സി.വി ഐസക്ക്, ചെറുതോട്ടിൽ, തമ്മാനിമറ്റം, രാമമംഗലം, എറണാകുളം എന്നയാൾ ഗ്രാമപഞ്ചായത്ത് മുതൽ 2 ആൾ പ്രതി ചേർത്ത് O.s 40/20 പ്രകാരം ബഹു: പേരാമ്പ്ര മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തതായും തുടർന്ന് W.P.(C) NO.391 OF 2019 പ്രകാരം ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതായും കാണുന്നു. പ്രസ്തുത കേസിന്റെ 08.12.21 ലെ വിധിന്യായത്തിൽ കേസ് ഒരു സിവിൽ കോടതിയിലേക്ക് മാറ്റുന്നതിന് ഉത്തരവായതായി കാണുന്നു. കേസിന്റെ തുടർനടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ കുടിവെള്ളപദ്ധതിയുടെ പൂർത്തീകരണത്തിനായി 2022 – 23 വർഷം 121/23 നമ്പറായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0 121/23 (സ്പിൽ ഓവർ) |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കായണ്ണ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി പൂർത്തീകരണം - തുക നൽകൽ |
| കരാറുകാരൻ | ശ്രീ അഷറഫ് കെ കെ |
| അടങ്കൽ | 1888784 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1249662 |
| ബിൽസാങ്ഷൻ നം/ തീയതി/തുക | 322/17/03/23 – 639345/-<br>397/29/03/23 – 610317/-<br>12,49,662/- |
| പദ്ധതി വിശദാംശം | എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, കോളൂരുപാറ കുടിവെള്ള പദ്ധതിയ്ക്കും, പൂവത്തൻകുന്ന് കുടിവെള്ള പദ്ധതിയ്ക്കും വേണ്ടി പമ്പ് ഹൌസ് നിർമ്മിക്കുന്നതിനും, പമ്പിങ് മെയിൻ ഇടുന്നതിനും പൂവത്തൻകുന്ന് Zone 2 കുടിവെള്ള പദ്ധതിയുടെ പാനൽ ബോർഡിന്റെ സുരക്ഷയ്ക്ക് വേണ്ടി ചുമരുകെട്ടി ഗ്രിൽ ഇടുന്നതിനും, കോളൂരുപാറ കുടിവെള്ള പദ്ധതി കിണറിനടുത്ത് തോടിനു സംരക്ഷണ ഭിത്തി കെട്ടുന്നതിനും, മഴക്കാലത്തു വെള്ളം കയറുന്ന സ്ഥലമായതിനാൽ നിലവിലെ കിണറിന്റെ Parapet ന് മുകളിൽ RCC ബീം ചെയ്ത് ചെങ്കല്ല് കെട്ടുന്നതിനും നിലവിലെ കിണറിനു സുരക്ഷയ്ക്ക് വേണ്ടി DR ഉപയോഗിച്ച് കെട്ടി അതിനു മുകളിൽ GI പൈപ്പ് ഉപയോഗിച്ച് Protect ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. |
| പൂർത്തീകരിച്ച പ്രവർത്തി | കോളൂരുപാറ, പൂവത്തൻകുന്ന് കുടിവെള്ള പദ്ധതിയ്ക്കു വേണ്ടി പമ്പ് ഹൌസ് നിർമ്മിച്ചു. കുടിവെള്ള പദ്ധതിയുടെ പാനൽ ബോർഡിന്റെ സുരക്ഷയ്ക്ക് വേണ്ടി ചുമരുകെട്ടി ഗ്രിൽ ഇട്ടു,<br>കൊളാറപ്പാറ കുടിവെള്ള പദ്ധതിയ്ക്ക് നിലവിലെ കിണറിന്റെ Parapet ന് ഉയരം കൂട്ടി മുകളിൽ RCC ബീം ചെയ്ത് പമ്പ് ഹൌസ് നിർമ്മിച്ചു.<br>പൂവത്തൻകുന്ന് കുടിവെള്ള പദ്ധതിക്ക് ഡിസ്ട്രീബ്യൂഷൻ പൈപ്പ് ലൈൻ നിർമ്മിച്ചു. |

തൻവർഷം വിഭാവനം ചെയ്ത മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ചതായി കാണുന്നില്ല.

മേൽ പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണവും, പ്രസ്തുത പദ്ധതിയ്ക്കായി 2016 – 17 മുതൽ നാളിതുവരെ ചെലവഴിച്ചതിന്റെ വിശദാശവും (പ്രോജക്ട്, അടങ്കൽ.ചെലവ്, ചെയ്ത പ്രവർത്തി, ഇനി പൂർത്തീകരിക്കേണ്ട പ്രവർത്തി എന്നിവയും) കേസ് ഫയലിന്റെ തുടർനടപടികളും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (2/2022 – 23/26.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച 12,49,662/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതി പൂർത്തികരിക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥയും പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ചതിന്റെയും, കേസിന്റെയും തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1- 16 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം - ജി.എസ്.ടി ഒഴിവാക്കിയ ആകെ മൂല്യത്തിന് ഈടാക്കുന്നത് മൂലം ക്ഷേമ നിധി വിഹിതത്തിൽ നഷ്ടം സംഭവിക്കുന്നു.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്ട് പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും ഈടാക്കി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടവാക്കേണ്ടതാണ്. ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് ഒരു പ്രവർത്തിയുടെ ആകെ മൂല്യമായി കണക്കാക്കേണ്ടത് എന്നിരിക്കേ ജി.എസ്.ടി ഒഴിവാക്കിയുള്ള ആകെ മൂല്യം അടിസ്ഥാനപ്പെടുത്തി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം ഈടാക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ് എന്നറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (19/2022 – 23/30.10.2023 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഒഴിവാക്കിയുള്ള ആകെ മൂല്യം അടിസ്ഥാനപ്പെടുത്തി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം വർക്ക് ബില്ലിൽ നിന്ന് കുറവ് ചെയ്ത് അടവാക്കുന്നതിന് കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

1- 17 ഉറവിട മാലിന്യ സംസ്കരണം റിംഗ് കമ്പോസ്റ്റ് - മതിയായ വിശകലനമില്ലാതെ ആദ്യ സിംഗിൾ ടെണ്ടർ നിരസിച്ചു

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി ഉറവിട മാലിന്യ സംസ്കരണത്തിനായി രണ്ടു പദ്ധതികൾ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ട് നമ്പർ 14/23 ആയി 4,12,500/- രൂപ അടങ്കലിൽ റിംഗ് കമ്പോസ്റ്റ് വിതരണത്തിനായി പദ്ധതി തയ്യാറാക്കുകയും, 90% സബ്സിഡിയിൽ 159 പേർക്ക് 2,580/-രൂപ വിലയുള്ള റിംഗ് കമ്പോസ്റ്റുകൾ വടകരയിലുള്ള പാക്കയിൽ സിമന്റ് ക്രാഫ്റ്റ് എന്ന സ്ഥാപനം മുഖേന വിതരണം ചെയ്യുകയും ചെയ്തു. പിന്നീട് വർഷാവസാനം ഇതേ ഉദ്ദേശത്തിൽ പ്രോജക്ട് നമ്പർ 170/23 ആയി 1,77,550/- രൂപ അടങ്കലിൽ മറ്റൊരു പദ്ധതി പുതുതായി രൂപീകരിക്കുകയും ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഈ ടെണ്ടറിൽ റെയ്ഡ്കോയുടെ 2,190/-രൂപ നിരക്കിലുള്ള സിംഗിൾ ടെണ്ടറാണ് ലഭിച്ചത്. എന്നാൽ ഈ സ്ഥാപനത്തിന് വിതരണം അനുവദിക്കാതെ റീ-ടെണ്ടർ നടത്തുകയും, ആദ്യ പദ്ധതിയിൽ വിതരണം നടത്തിയ സ്ഥാപനത്തിന്റെ സിംഗിൾ ടെണ്ടർ (ആദ്യ പദ്ധതിയുടെ അതേ നിരക്കിൽ) അംഗീകരിച്ച് 53 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുകയും ചെയ്തു. ആദ്യ പദ്ധതിയിൽ ലഭിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ടെണ്ടറിൽ ലഭിച്ചിട്ടും

ആയത് പരിഗണിക്കാതിരുന്നതെന്തു കൊണ്ടെന്ന് വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. ടെണ്ടർ വിശദാംശം ഭരണസമിതിയ്ക്ക് വി.ഇ.ഒ. സമർപ്പിച്ചതിന്റെ വിവരങ്ങളും, ഭരണസമിതിയുടെ തീരുമാന വിവരവും ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (പി)324/2015/Fin, തിയ്യതി 30.7.2015 യിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ലഭിക്കുന്ന സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4(b) പ്രകാരം ഇത്തരത്തിൽ സിംഗിൾ ടെണ്ടർ ലഭിച്ചാൽ ഒന്നുകിൽ റീടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ ടെണ്ടർ കാലയളവ് 15 ദിവസം കൂട്ടി നൽകി കൂടുതൽ ടെണ്ടർ ലഭ്യമാകാനുള്ള സാധ്യത ആരായാവുന്നതുമാണ്. റീടെണ്ടർ ചെയ്യാനാണ് തീരുമാനിക്കുന്നതെങ്കിൽ അതിനു മുമ്പായി ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി ആദ്യ ടെണ്ടറിൽ വേണ്ടത്ര ടെണ്ടർ ലഭിക്കാത്തതിന്റെ കാരണം(ങ്ങൾ) വിശകലനം ചെയ്യുകയും യഥാർത്ഥ ടെൻഡറിന്റെ നിബന്ധനകളിൽ ഏതെങ്കിലും നിയന്ത്രിത ക്ലോസുകൾ / വ്യവസ്ഥകൾ ഉണ്ടായിരുന്നോയെന്ന് പരിശോധിക്കേണ്ടതുമാണ്. റീടെണ്ടറിന് വേണ്ടത്ര പബ്ലിസിറ്റി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, കരാറുകാർക്ക് ഇ-മെയിൽ മുഖേനയോ എസ്.എം.എസ് മുഖേനയോ അറിയിപ്പുകൾ നൽകാവുന്നതുമാണ്. റീടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിക്കുകയാണെങ്കിൽ ആയതിൻമേൽ ഭരണസമിതി അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പ് ന്യായമായതും മതിയായതുമായ നിരക്കിന്റെ മത്സരം ഉണ്ടായിട്ടുണ്ടെന്ന ടെണ്ടറിന്റെ അടിസ്ഥാന ലക്ഷ്യം ഉറപ്പാക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വിവരിക്കുന്നു.

മേൽ പ്രവൃത്തി പൊതുമരാമത്ത് പ്രവൃത്തിയായി കണക്കാക്കാനാകില്ലെങ്കിലും നിർവ്വഹണം നടന്നു കൊണ്ടിരിക്കുന്ന പദ്ധതിയിൽ ലഭിച്ചതിനേക്കാൾ കുറഞ്ഞ നിരക്ക് മറ്റൊരു സ്ഥാപനം ക്വാട്ട് ചെയ്തപ്പോൾ ആയത് പരിഗണിക്കാതെ, അല്ലെങ്കിൽ രണ്ടാമത്തെ കൂടിയ നിരക്കിലുള്ള ടെണ്ടർ ലഭിച്ചപ്പോൾ അവരുമായി നെഗോസിയേഷൻ നടത്താൻ ശ്രമിക്കുകയോ ചെയ്യാതെ കൂടിയ നിരക്കിൽ റിംഗ് കമ്പോസ്റ്റുകൾ വാങ്ങി നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. കുറഞ്ഞ നിരക്കിൽ റെയ്ഡ്കോയിൽ നിന്നും ഇവ വാങ്ങിയിരുന്നെങ്കിൽ 20,670/-(390 X53) രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയിലെ വാങ്ങൽ നടപടി സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ യാതൊരു ചർച്ചകളും നടന്നിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, ടെണ്ടർ നടപടികൾ അംഗീകരിച്ചതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അതുവരെ അധികമായി ചെലവഴിച്ച 20,670/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1- 18 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S0153/23 |
| പ്രോജക്ട് പേര് | റോഡ് കണക്ടിവിറ്റി |
| അടങ്കൽ | 39000 |
| ചെലവ് | 16280 |
| ബിൽ സാങ്ഷൻ നം/തീയതി/തുക | 299/14/02/2023 |

കായണ്ണ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനായി റോഡ് കണക്ടിവിറ്റി മാപ്പിങ് നടത്തുന്നതിനായി സർക്കുലർ നം. PAN/3173/2021 -J1 (DP) പ്രകാരം വാർഡ് ഒന്നിന് 3,000/-രൂപ വീതം 13 വാർഡുകൾക്ക് 39,000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ആദ്യഭാഗം പൂർത്തീകരിച്ചതിന് നഷ്വ നസ്റീൻ എന്ന വ്യക്തിക്ക് നവംബർ മാസത്തെ 22 ദിവസത്തെ വേതനമായി 16,280/- രൂപ അനുവദിച്ചിട്ടുണ്ട്. ടിയാരി നവംബർ മാസം 22 ദിവസങ്ങളിലായി ജോലി ചെയ്തതിന്റെ മസ്റ്റർ റോൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ടിയാരിയുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതി ഏത് വിധത്തിൽ നടപ്പിലാക്കണമെന്ന് എവിടെയും വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 31.10.2022 ലെ PAN/3173/21-JI(DP) നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം R-track ഡാറ്റാ കലക്ഷൻ പ്രോസസ് പൂർത്തിയാക്കിയിട്ടില്ല. പദ്ധതി പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാക്കണമായിരുന്നു. എന്നാൽ ഇവിടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത് എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (3/2022 – 23/27.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 16,280/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതി പൂർത്തീകരിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1- 19 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫോറം ഫീസ് ആയി കരാറുകാർ അടക്കുന്ന തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ

പേരിൽ എസ്. ബി. ഐ പേരാമ്പ്ര ബ്രാഞ്ചിലുള്ള 67393915922 നമ്പർ അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റാകുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/2023 തീയതിയിൽ 87,860/- രൂപ നിക്കിയിരിപ്പുള്ളതായി കാണുന്നു. ഈ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (4/2022 – 23/27.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 31/03/2023 ന് നിക്കീയിരിപ്പുള്ള തുക പഞ്ചായത്ത് തനത് ഫണ്ടിൽ അടവാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1- 20 ന്യൂട്രിമിക്സ് ഉത്പന്നം - ബിൽ തുകയിൽ നിന്ന് ടി.ഡി.എസ്. ഈടാക്കിയില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പദ്ധതികളിൽ(ജനറൽ, എസ്.സി.)യോഗസിദ്ധ ഹെർബൽ പ്രൊഡക്ട്സ് കായണ്ണ, എന്ന സ്ഥാപനത്തിൽ നിന്നാണ് താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' 2.5% CGST യും, 2.5% SGST യും ഉൾപ്പെടെ നല്കി വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയപ്പോൾ ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5ലക്ഷത്തിൽ അധികരിക്കുന്നുവെങ്കിലും സ്രോതസിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/തിയ്യതി | ന്യൂട്രിമിക്സിന് CGST,SGST (5%) ഉൾപ്പെടെ അനുവദിച്ച ബിൽ തുക | ഈടാക്കേണ്ട ജി.എസ്.ടി. |
|---|---|---|
| 121/1.1.22 | 30873 | 617 |
| 126/1.2.22 | 89881 | 1798 |
| 128/25.2.22 | 96992 | 1940 |
| 134/28.4.22 | 73874 | 1477 |
| 132/25.3.22 | 62336 | 1247 |
| 148/3.9.22 | 68216 | 1364 |
| 150/30.9.22 | 70247 | 1405 |
| 161/2.2.23 | 71956 | 1439 |
| 162/2.3.23 | 69209(39734രൂ.നൽകി) | 795 |
| 141/1.7.22 | 72681 | 1454 |
| 138/3.6.22 | 49392 | 988 |
| 145/2.8.22 | 69457 | 1389 |
| 154/8.12.22 | 72433 | 1449 |
| 158/3.1.23 | 73195 | 1464 |
| ആകെ | 970742/- | 18826/- |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) ലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും

SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം അങ്കണവാടികളിലെ പോഷകാഹാരവിതരണത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്ന 'അമൃതം ഫുഡ് വാങ്ങിയപ്പോൾ SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു. ഒരു വർഷത്തിൽ സ്ഥാപനം വിതരണം ചെയ്യുന്ന ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യത്തിലും (ചെറിയ തുകയുടെ ബില്ലുകളായിട്ടാണ് പെയ്മെന്റുകൾ നടത്തിയിരിക്കുന്നത്) ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി. ഈടാക്കണമെന്ന കാര്യം അറിവില്ലായിരുന്നുവെന്നും, ഇനി വരുന്ന ബില്ലുകളിൽ ജി.എസ്.ടി. ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ സെക്രട്ടറിയേയും, ഭരണസമിതിയേയും അറിയിക്കുന്നതാണെന്നും വിവരിച്ചിരിക്കുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 1- 21 കുടിവെള്ള പദ്ധതി സമഗ്രമായി തയ്യാറാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ തൻവർഷം കുടിവെള്ള പദ്ധതിയ്ക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് . എന്നാൽ സ്ഥല പരിശോധന വേളയിൽ പല പദ്ധതികളും ലക്ഷ്യം കൈവരിക്കാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | കായണ്ണ കുടിവെള്ള പദ്ധതി | പുളിഞ്ചോളികുന്ന് കുടിവെള്ള പദ്ധതി | മാട്ടനോട് കുടിവെള്ള പദ്ധതി - മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ |
| പ്രോജക്ട് നം | 121/23 | 4/23 | 21/23 |
| അടങ്കൽ | 1888784 | 427418 | 100000 |
| ചെലവ് | 1249662 | 405351 | 89356 |
| നിലവിലെ സ്ഥിതി | പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് ഉപയോഗ പ്രദമാക്കിയിട്ടില്ല | 28.03.23 സ്ഥലപരിശോധനയിൽ പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ള ലഭിക്കുന്നില്ല എന്ന് അറിയാൻ കഴിഞ്ഞു | മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. |
| ചെയ്ത പ്രവർത്തി | പമ്പ് ഹൗസ് നിർമ്മാണം പൈപ്പിടൽ മറ്റ് അനുബന്ധ പ്രവൃത്തികൾ | പമ്പ് ഹൗസ് നിർമ്മാണം പൈപ്പിടൽ, മുൻപ് ഉണ്ടായിരുന്ന വാട്ടർ ടാങ്ക് സംരക്ഷിക്കുന്നതിനായി ഗ്രിൽ ഇടൽ അനുബന്ധ പ്രവർത്തി, | പമ്പ് ഹൗസ് നിർമ്മാണം, പൈപ്പ് ഇടൽ |

| | | | |
|---|---|---|---|
| | | | |

പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു.

കുടിവെള്ള പദ്ധതി സംബന്ധിച്ച് സാധ്യതാപഠനം നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക വകയിരുത്തി സമഗ്രമായ പ്രോജക്ട് തയ്യാറാക്കാത്തതിനാലും തുടർവർഷങ്ങളിൽ പദ്ധതി പൂർത്തീകരണത്തിന് തുടർ പദ്ധതികൾ വിഭാവനം ചെയ്യാത്തതിനാലും പദ്ധതികൾ ആരംഭിച്ച് വർഷങ്ങൾക്ക് ശേഷവും പൊതുജനങ്ങൾക്ക് ഉപകാരപ്പെടാത്തതായി കണ്ടു.

ഓഡിറ്റ് ടീം പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ 28.10.23ന് നടത്തിയ സ്ഥല പരിശോധനയിൽ മേൽ പദ്ധതി പ്രകാരം പമ്പ് ഹൗസ് നിർമ്മാണം, പൈപ്പിടൽ, മുൻപ് ഉണ്ടായിരുന്ന വാട്ടർ ടാങ്ക് സംരക്ഷിക്കുന്നതിനായി ഗ്രിൽ ഇടൽ അനുബന്ധ പ്രവർത്തി, തുടങ്ങിയവയാണ് ചെയ്തിട്ടുള്ളത്. പ്രദേശവാസികൾ കുടിവെള്ളക്ഷാമം നേരിടുന്നതായും ആയതിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിൽ പ്രാദേശിക സർക്കാറുകൾ വേണ്ടത്ര പരിഗണന നൽകുന്നില്ലെന്നും നാട്ടുകാർ പരാതി പറയുകയും ചെയ്തു.

പതിനാലാം പദ്ധതി സബ്സിഡി അനുബന്ധ മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28/05/2022 ലെ ഖണ്ഡിക നം. 7 (lv) പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം പദ്ധതിയുടെ തുടർനടത്തിപ്പും അറ്റകുറ്റപണികളുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്.

പൂർത്തീകരിച്ച പദ്ധതികളുടെ തുടർനടത്തിപ്പും അറ്റകുറ്റപണികളുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പിന് ഏൽപ്പിച്ചതിന്റെ വിവരവും , പദ്ധതികൾ സമഗ്രമായി തയ്യാറാക്കി പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനും കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (18/2022 – 23/30.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, പദ്ധതി ലക്ഷ്യം കൈവരിച്ച് തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

1- 22 ടേക്ക് - എ ബ്രേക്ക് പദ്ധതി നടപ്പിലാക്കിയിട്ടില്ല.

സ.ഉ.(കൈ) നം. 39/20/തസ്വഭവ തീയതി 20.2.2020, സ.ഉ.(കൈ) നം. 45/20/തസ്വഭവ തീയതി 6.3.2020 എന്നീ ഉത്തരവുകൾ പ്രകാരം വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക്'' വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. സ.ഉ.(സാധാ) നം. 1401/20/തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് എ ബ്രേക്ക് നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കായണ്ണ ഗ്രാമപഞ്ചായത്ത് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടില്ല.

ബഹു.കോഴിക്കോട് ജില്ലാ കലക്ടറുടെ 19.11.2022 ലെ DCKKD/11214/ 2022/L1 ഉത്തരവ് പ്രകാരം കായണ്ണ വില്ലേജ്,കായണ്ണ ദേശത്ത് നിലവിൽ പൊതുമരാമത്ത് ഇറിഗേഷൻ വകുപ്പിന്റെ അധീനത്തിലുള്ള റീ സർവ്വേ 79/1 B യിൽപ്പെട്ട 3 സെന്റ് സ്ഥലം താൽക്കാലികമായി ഉപയോഗ അനുമതി നൽകിയിട്ടുള്ളതായി കാണുന്നു. നാളിതുവരെ പദ്ധതി വിഭാവനം ചെയ്തതായി കാണുന്നില്ല. ടേക്ക് എ ബ്രേക്ക് പദ്ധതി വിഭാവനം ചെയ്യാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1- 23 ജനകീയ ഹോട്ടൽ - എഗ്രിമെന്റ് തീയ്യതിക്ക് മുൻപുള്ള മാസങ്ങളിലെ വാടക നൽകി.

പ്രൊജക്റ്റ് നം/പേര് :- 78/23 ജനകീയ ഹോട്ടൽ - ഇലക്ട്രിസിറ്റി ചാർജ്ജ് വാടക

അടങ്കൽ : - 50000/-വികസന ഫണ്ട്

ചെലവ് : - 45000/ (ബിൽ സാങ്ഷൻ നം . 73/6-9-22)

നിർവ്വഹണം:- സെക്രട്ടറി

1-11-2021ലെ AE/KYN/2021 വാല്യേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം കായണ്ണ ബസാർ ജനകീയ ഹോട്ടലിന് കായണ്ണ അസിസ്റ്റന്റ് എഞ്ചിനീയർ 3,581/- രൂപ വാടക നിശ്ചയിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 14-12-21ലെ 14/1 തീരുമാന പ്രകാരം സ.ഉ.(സാധാ) നം 1567/21 ത.സ്വ.ഭ.വയുടെ അടിസ്ഥാനത്തിൽ പി.ഡബ്ള്യു.ഡി നിരക്കിനേക്കാൾ 50 % അധികം നൽകാമെന്നതിനാൽ ജനകീയ ഹോട്ടലിന്റെ വാടക 3,750/- രൂപയായി നിശ്ചയിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 23-11-21 ലെ വാടക എഗ്രിമെന്റ് പ്രകാരം 2021 നവംബർ 23 മുതൽ 11 മാസക്കാലത്തേക്ക് മാസം 3,750/- രൂപ ശ്രീ സുരേന്ദ്രൻ, കൃഷ്ണകൃപ, കായണ്ണ എന്നയാൾക്ക് ജനകീയ ഹോട്ടൽ പ്രസിഡണ്ടും സെക്രട്ടറിയും കൂടി നൽകണമെന്ന വ്യവസ്ഥയിലാണ് ഹോട്ടലിന്റെ കെട്ടിടം ഏറ്റുവാങ്ങിയിരിക്കുന്നത്. ഫയലിൽ ലഭ്യമാക്കിയ വാടക രശീതികൾ, ബിൽ അബ്സ്ട്രാക്റ്റ് എന്നിവ പ്രകാരം സെപ്തംബർ 2021 മുതൽ ആഗസ്റ്റ് 2021 വരെയുള്ള ജനകീയ ഹോട്ടലിന്റെ വാടക നൽകുന്നതിനാണ് 45,000/- രൂപ ചെലവഴിച്ചിരിക്കുന്നത്.

വാടക എഗ്രിമെന്റ് തീയ്യതിക്ക് മുൻപുള്ള 2 മാസത്തെ വാടക നൽകിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. അധികമായി നൽകിയ 2 മാസത്തെ വാടക തിരികെ ഈടാക്കുകയോ തുടർന്നുള്ള മാസങ്ങളിലെ വാടകയിൽ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്ത് അറിയിക്കേണ്ടതാണ്. അതുവരെ 7,500/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1- 24 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഓഡിറ്റ് വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ (സ്പിൽഓവർ, പ്രോ.നം. 117/23) ഭിന്നശേഷിക്കാർക്ക് ഹിയറിംഗ് എയ്ഡ്, വീൽചെയർ, സി.പി. ചെയർ മുതലായ ഉപകരണങ്ങൾ വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 16.10.2021 ലെ ഭരണസമിതി യോഗത്തിലെ തീരുമാനം 15/2 പ്രകാരം വീൽചെയർ, സി.പി. ചെയർ എന്നിവയ്ക്ക് വകയിരുത്തിയ തുക കൂടി ഹിയറിംഗ് എയ്ഡ് വാങ്ങുന്നതിന് തീരുമാനമെടുത്തു. തുടർന്ന് ഇവ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനമെടുത്ത് നടപ്പാക്കി. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- സർക്കാർ ഉത്തരവ് നം.115/2022/ത.സ്വ.ഭ.വ., തി: 28.5.2022 ലെ അധ്യായം 7 ഖണ്ഡിക 7.1.2 ബി പ്രകാരം കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷന ശേഷമുള്ള കേൾവി സഹായികൾ നൽകുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിൽ കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള ഉപകരണം എന്ന നിലയിലല്ല ഇവ വിതരണം ചെയ്തതെന്ന് കാണുന്നു. കേൾവി ശക്തി കുറഞ്ഞ എല്ലാ പ്രായവിഭാഗത്തിലും വരുന്നവർക്ക് ഇവ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഈ വിഭാഗക്കാർക്ക് ഹിയറിംഗ് എയ്ഡ് വിതരണം ചെയ്യാൻ അടിസ്ഥാനപ്പെടുത്തിയ സർക്കാർ ഉത്തരവ്/നിർദ്ദേശം സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.
- കേൾവി പരിശോധന മെഡിക്കൽ ക്യാമ്പ് പഞ്ചായത്ത് തലത്തിൽ നടത്തിയാണ് അർഹരായവരെ കണ്ടെത്തിയിരിക്കുന്നത്. മെഡിക്കൽ പരിശോധനയുടെ രേഖകൾ പരിശോധിച്ചതിൽ കേൾവി ശക്തി കുറഞ്ഞ പലർക്കും ഹിയറിംഗ് എയ്ഡ് Trial ചെയ്യാനായും, നിലവിൽ ഉപയോഗിക്കുന്നവർക്ക് എയ്ഡിന്റെ ഉപയോഗം തുടരാനും ശുപാർശ ചെയ്ത രീതിയിലാണുള്ളത്. ചിലർക്കുള്ള ശുപാർശയിൽ

ഹൈപവർ ഡിജിറ്റലി പ്രോഗ്രാമിംഗ് ഹിയറിംഗ് എയ്ഡ് ഉപയോഗിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയിൽ ഒരേ തരം ഹിയറിംഗ് എയ്ഡ് വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. എയ്ഡ് Trial ശുപാർശ ചെയ്തവർ ആയത് ചെയ്തതിനും, Trial ചെയ്ത ശേഷം ഇവർക്ക് ഒരു ചെവിയിലാണോ, അതോ ഇരു ചെവിയിലും എയ്ഡിന്റെ ആവശ്യകതയുണ്ടോയെന്ന് മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചതിന്റെ വിവരം ലഭ്യമല്ല.

- പദ്ധതിയിൽ ആകെ 23 ഹിയറിംഗ് എയ്ഡുകളാണ് വാങ്ങിയത്. മുകളിൽ വിവരിച്ച രീതിയിൽ ഏതൊക്കെയാൾക്ക് എത്ര വീതം എയ്ഡുകൾ ആവശ്യമുണ്ട് എന്ന് ഉറപ്പു വരുത്താതെയാണ് പദ്ധതി തുക കണക്കാക്കി(7000 X 23= 161000) എയ്ഡുകൾ വാങ്ങിയത്. നിലവിൽ 14 പേർക്ക് വിതരണം ചെയ്തതിൽ 9 പേർക്ക് രണ്ടെണ്ണം വീതവും ബാക്കി 5 പേർക്ക് ഒരെണ്ണം വീതവും ലഭിച്ചു. ഗുണഭോക്താവായി കണ്ടെത്തിയിരുന്ന മാധവി എന്നയാൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും ഈ സഹായം ലഭിച്ചുവെന്ന് മനസ്സിലാക്കിയപ്പോൾ ആദ്യം ഒരെണ്ണം വിതരണം ചെയ്ത അപർണ്ണ(Ward 3), ലിജീഷ്(Ward 5)എന്നിവർക്ക് വീണ്ടും ഒരെണ്ണം കൂടി വിതരണം ചെയ്തു. യഥാർത്ഥ ആവശ്യകത കണ്ടെത്താതെയും, കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം മുൻപ് ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാതെയുമാണ് പദ്ധതി നിർവ്വഹണം നടത്തിയതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.
- താഴെ ചേർക്കുന്ന ഗുണഭോക്താക്കളെ ഗ്രാമസഭ തെരെഞ്ഞെടുത്തതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

| പേര് | വാർഡ് |
|---|---|
| ശങ്കരൻ നായർ | 4 |
| അജീഷ്.ടി.കെ., തച്ചറോത്ത് | 8 |
| നൗഫൽ എയ്യാലത്ത് | 13 |
| ലീല കുട്ടപ്പാറക്കൊല്ലി | 7 |
| അഭിനന്ദ് തേയിലേറി | 8 |

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം നൽകാനും, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവ് തുക 1,61,000/-തടസ്സത്തിൽ വയ്ക്കുന്നു.

## 1- 25 നിറവ് - തരിശ് നെൽകൃഷി -പ്രോജക്ട് നിർവ്വഹണം -അപാകതകൾ

പ്രൊജക്ട് നം/പേര് :-93/23 നിറവ്

അടങ്കൽ :-100000/-വികസന ഫണ്ട്

ചെലവ് :- 100000/ (ബിൽ സാങ്ഷൻ നം . 389/29-3-23)

നിർവ്വഹണം:- കൃഷി ഓഫീസർ

തരിശായി കിടക്കുന്ന കൃഷി ഭൂമി കണ്ടെത്തി അത്യുൽപ്പാദന ശേഷിയുള്ള വിത്തും മറ്റ് ഘടകങ്ങളും നൽകി നെൽകൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ശാസ്ത്രീയ കൃഷി പരിപോഷിപ്പിക്കുന്നതിനും വേണ്ടിയാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ഇതു പ്രകാരം 2.5 ഹെക്ടറിൽ കൃഷി ചെയ്തതിനാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(കൈ).നം.115/2022/ത.സ്വ.ഭ.വ തീയ്യതി 28/5/2022 സബ്സിഡി മാർഗ്ഗരേഖ ഖ 6.1.8 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശ് ഭൂമിയായി പരിഗണിക്കേണ്ടത്. ഇത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരം കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖ ഫയലിൽ ലഭ്യമല്ല.

2. തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കു മാത്രമാണ് ഈ ആനുകൂല്യം നൽകാവുന്നത്. എന്നാൽ ഇത് തരിശ് ഭൂമിയാണെന്ന് ഉറപ്പാക്കാനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

3. മാർഗ്ഗരേഖ പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ മേൽ കാണിച്ച 2.5 ഹെക്ടറിലെ വിള ഇൻഷ്വർ ചെയ്തതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. മേൽ മാർഗ്ഗരേഖ പ്രകാരം ഒരു ഹെക്ടറിന് കർഷകന് 35,000/- രൂപയും ഉടമയ്ക്ക് 5,000/- രൂപയും ഉൾപ്പെടെ പരമാവധി അനുവദിക്കാവുന്ന തുക 40,000/- രൂപയാണ്. കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതിക നിരക്കിൽ ധന സഹായം അനുവദിക്കാവുന്നതാണ്. എന്നാൽ ധന സഹായം ലഭിച്ച താഴെ കൊടുത്തിരിക്കുന്ന കർഷകരുടെ അപേക്ഷകൾ പരിശോധിച്ചതിൽ കൃഷി ഭൂമിക്ക് ആനുപാതികമായല്ല ധനസഹായം അനുവദിച്ചതെന്ന് കാണുന്നു.

| ക്രമ നം | കർഷകന്റെ പേര് | കൃഷിഭൂമിയുടെ ആകെ വിസ്തൃതി | നൽകേണ്ട ധന സഹായം (40000/hector) | നൽകിയ ധന സഹായം | |
|---|---|---|---|---|---|
| 1 | കുഞ്ഞ്യേക്കിണി കറത്തമ്പത്ത് ,ചെറുകാട് | 50 സെന്റ് | 8000 | 9280 | 1280 |
| 2 | കുഞ്ഞിക്കണാരൻ വയലാങ്കര, ചെറുകാട്. | 36 സെന്റ് | 5760 | 9280 | 3520 |
| | | | | | 4800 |

മേൽ അപാകതകൾക്കും കൃഷി ഭൂമിക്ക് ആനുപാതികമായല്ലാതെ ധനസഹായം അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി നൽകിയ 4,800/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1- 26 വ്യക്തിഗത ഗാർഹിക ശൗചാലയം - നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷം രണ്ടു പദ്ധതികളാണ് മേൽ ആവശ്യത്തിനായി നടപ്പാക്കിയിരിക്കുന്നത്(പ്രോജക്ട് നം.32/23, 173/23). ഈ രണ്ടു പദ്ധതികളിൽ സ്പിൽഓവർ ആയി നടപ്പാക്കിയ പ്രോ.നം 32/23 ൽ 2021-22 വർഷം 3,400/-രൂപ മുൻകൂർ കൈപ്പറ്റിയ നാരായണി എന്ന ഗുണഭോക്താവ് നിലവിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പുതിയ പദ്ധതിയിലെ ഗുണഭോക്താക്കളായ ബിന്ദു, ഷീന എന്നിവരും ഓഡിറ്റ് സമയം വരെ നിർമ്മാണം പൂർത്തീകരിച്ച് തുക കൈപ്പറ്റിയതായി കാണുന്നില്ല. മേൽ ഗുണഭോക്താക്കൾ നിലവിലും നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം ആരാഞ്ഞതിന് ആദ്യ പദ്ധതിയിലെ ഗുണഭോക്താവിന്റെ വീട് തകർന്നു പോയെന്നും, ഇവർക്ക് പുതിയ വീടു നിർമ്മാണത്തിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, പുതിയ പദ്ധതിയിലെ ഒരു ഗുണഭോക്താവ് നിർമ്മാണം ഓഡിറ്റ് സമയം പൂർത്തീകരിച്ചിട്ടുണ്ടെന്നും, മറ്റു രണ്ടു പേരുടെ നിർമ്മാണം പുരോഗമിച്ചു വരികയാണെന്നും വാക്കാൽ അറിയിച്ചു. 2021-22 വർഷം മുൻകൂർ കൈപ്പറ്റിയ നാരായണിയ്ക്ക് നിർമ്മാണം നടത്താൻ സാധിക്കില്ലെന്നിരിക്കെ നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മറ്റു ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1- 27 ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത

2022-23 സാമ്പത്തിക വർഷത്തിൽ കായണ്ണ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 06/2020 മുതൽ

01/2022 വരെയുള്ള യാത്രാബത്തയായി 42,007/- രൂപ അനുവദിച്ചിട്ടുണ്ട്. ബിൽ പാസാക്കിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| തീയതി | വൗച്ചർ നമ്പർ | അനുവദിച്ച തുക | പേയ്മെന്റ് ഓർഡർ നമ്പർ | ടി.എ അനുവദിച്ച കാലയളവ് |
|---|---|---|---|---|
| 25.07.2022 | 42200309 | 42,007 | 62240095800343 | 6/2020 മുതൽ 01/2022 വരെ |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ബി)6 പ്രകാരം ഔദ്യോഗിക യാത്ര നടത്തിയതിന്റെ തൊട്ടടുത്ത മാസം മുതൽ ജീവനക്കാരന് യാത്രാബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. യാത്രാബത്തക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം ജീവനക്കാരൻ ആയത് ക്ലെയിം ചെയ്യേണ്ടതാണ്. ടൂർ ഡയറി/നോട്ട് മുഖേന ജീവനക്കാരൻ യാത്രാബത്ത ക്ലെയിം ചെയ്യുന്ന മുറക്കാണ് ആയത് അനുവദിക്കേണ്ടത്. ILGMSൽ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ ടൂർ ഡയറി അപ്‌ലോഡ് ചെയ്തതായി കാണുന്നില്ല. ഇതിൽ നിന്നും ടൂർ ഡയറി സമർപ്പിച്ച് ടി.എ. ക്ലെയിം ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ യാത്രാമാർഗ്ഗം, നിരക്ക് എന്നിവ നിശ്ചയിച്ചതെങ്ങനെയെന്നത് വ്യക്തമല്ല.

നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ടി.എ ഇനത്തിൽ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 42,007/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1- 28 തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല

കെ.എസ്.ഇ.ബി യുടെ പേരാമ്പ്ര സെക്ഷനിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 1,79,068/- രൂപ അടവാക്കിയിട്ടുണ്ട്. മാസം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| മാസം | അടവാക്കിയ തുക |
|---|---|
| 04/2022 | 18,305 |
| 05/2022 | 9,887 |
| 06/2022 | 16,459 |
| 07/2022 | 15,864 |
| 08/2022 | 14,467 |
| 09/2022 | 14,839 |
| 10/2022 | 14,899 |
| 11/2022 | 15,074 |
| 12/2022 | 15,718 |

| | |
|---|---|
| 01/2023 | 15,691 |
| 02/2023 | 13,239 |
| 03/2023 | 14,626 |
| ആകെ | 1,79,068 |

എന്നാൽ കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, തരം എന്നിവ തീർച്ചപ്പെടുത്താതെയാണ് 2022-23 വർഷത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുള്ളത്. സംയുക്തപരിശോധന നടത്തി തെരുവ്വിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവ വ്യക്തമാക്കുന്ന രീതിയിൽ തെരുവുവിളക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1- 29 മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നില്ല.

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്തിട്ടില്ല. വീടുകളിലെത്തി നേരിട്ട് പെൻഷൻ നൽകുന്നതിനാൽ തുക അധികമായി കൈപ്പറ്റിയിട്ടില്ല. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതു വരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്.

ഇതെ പഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും നാളിതുവരെ പെൻഷൻ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പെൻഷൻ ഐഡി | പേര് | പെൻഷൻ വിവരം | പ്രതിമാസ പെൻഷൻ തുക | മരണം നടന്ന തിയതി | പെൻഷൻ അനുവദിച്ചത് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 110240100658 | ദാമോദരൻ | കർഷക തൊഴിലാളി | 1600 | 16/03/23 | 06/2023 വരെ | ആക്ടീവ് |
| 110240100064 | കുഞ്ഞിരാമ പണിക്കർ | കർഷക തൊഴിലാളി | 1600 | 29/03/23 | 06/2023 വരെ | ആക്ടീവ് |
| 110240600157 | ശകുന്തള | വിധവ | 1600 | 18/03/23 | 06/2023 | ആക്ടീവ് |

| | | | | | | |
|---|---|---|---|---|---|---|
| | | പെൻഷൻ | | | വരെ | |

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും മറ്റ് വകുപ്പിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നവരാണെങ്കിൽ പെൻഷൻ റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കേണ്ടതുമാണ്. യഥാസമയം പഞ്ചായത്ത് നടപടി സ്വീകരിക്കാത്തതിനാൽ പെൻഷൻ റദ്ദ് ചെയ്തിട്ടില്ലെന്ന് കാണം. പെൻഷൻ റദ്ദ് ചെയ്യാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പെൻഷൻ ഐഡി | പേര് | പെൻഷൻ വിവരം | മരണം നടന്ന തിയതി | സ്റ്റാറ്റസ് |
|---|---|---|---|---|
| 2220207045 | ജാനകി അമ്മ | കർഷക പെൻഷൻ | 25/01/23 | ആക്ടീവ് |
| 2020008705 | ദാമോദരൻ | KA& SWWSS Kozhikode | 21/01/23 | ആക്ടീവ് |

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെടുന്നവരുടെ വിവരങ്ങൾ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ബന്ധപ്പെട്ട വകുപ്പുകളെയും യഥാ സമയങ്ങളിൽ അറിയിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അംഗൻവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4 -1 വാർഷിക കണക്ക് ലഭ്യമായ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 21-10-2023 മുതൽ 30-10-2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022 -23 | 175300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത | 175300 |
| | 2022 -23 | 330000 | ലൈഫ് ഭവനപദ്ധതി ജനറൽ | 330000 |
| | 2022 -23 | 425000 | ലൈഫ് ഭവനപദ്ധതി എസ്.സി | 425000 |
| | 2022 -23 | 40000 | ലൈഫ് ഭവനപദ്ധതി എസ്.ടി | 40000 |
| | 2022 -23 | 500000 | മാട്ടനോട് അംഗനവാടി കെട്ടിടം നിർമ്മിക്കൽ | 500000 |
| | 2022 -23 | 200000 | പാലിന് ഇൻസെന്റീവ് | 200000 |
| | 2022 -23 | 200000 | കാലിത്തീറ്റ സബ്സിഡി | 200000 |

| | | | | |
|---|---|---|---|---|
| ആകെ | | 1870300 | | 1870300 |
| ജില്ലാ പഞ്ചായത്ത് | 2022 -23 | 60000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത | 60000 |
| | 2022 -23 | 203600 | ലൈഫ് ഭവനപദ്ധതി ജനറൽ | 203600 |
| | 2022 -23 | 435846 | ലൈഫ് ഭവനപദ്ധതി എസ്.സി | 435846 |
| | 2022 -23 | 90000 | ലൈഫ് ഭവനപദ്ധതി എസ്.ടി | 90000 |
| | 2022 -23 | 1500000 | മാട്ടനോട് അംഗനവാടി കെട്ടിടം നിർമ്മിക്കൽ | 1500000 |
| | 2022 -23 | 600000 | പാലിന് ഇൻസെന്റീവ് | 600000 |
| | 2022 -23 | 750000 | കാലിത്തീറ്റ സബ്സിഡി | 750000 |
| ആകെ | | 3639446 | | 3639446 |

4 -3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ സാങ്ഷൻ നമ്പർ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി പേരാമ്പ്ര | പി.എച്ച്.സി യിലേക്ക് ത്രീഫേസ് ലൈൻ ആക്കൽ | 240/ 24.02.23 | 153807 | 153807 | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ഇല്ല | | | | | |

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 2278/LSGD Dtd 18.08.2018 | 0 | 17307665 | 2059008 | | 15248657 |

4 -6 സ്ഥിരനിക്ഷേപത്തിന്റെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ.എം.എസ് മെമ്മോറിയൽ കോപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ 09.09.2014 | 10000 |
| ആകെ | 10000 |

4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് | തുക | പേര് | തിയതി | രസീതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| റിപ്പോർട്ട് ഖണ്ഡികയുടെ വിശദാംശങ്ങൾ | | | | നം. |
| 2020 - 21 ഖണ്ഡിക 3-2 | 20325 | നീന.പി, അസിസ്റ്റന്റ് എഞ്ചിനീയർ LID & EW Section | 21/10/22 | 1220100788 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2016-17 | 3-3 | 2017-18 | 1-11-1 | TSB ഫണ്ട് ലഭിയ്ക്കുന്നില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേമെന്റ് പ്രകാരം) | 20420934 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേമെന്റ് പ്രകാരം) | 23308382 |
| വരവിനത്തിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1501919 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| ഇല്ല |
|---|

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 - 15 | 12,49,662 | ശ്രീമതി നീന പി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1- 17 | 20,670 | ശ്രീമതി നീതു തോമസ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1- 18 | 16,280 | ശ്രീമതി നീന പി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1- 23 | 7,500 | ശ്രീ മനോജ്കുമാർ കെ.ടി, സെക്രട്ടറി |
| 1- 24 | 1,61,000 | ശ്രീമതി രജനി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1 - 25 | 4,800 | അബ്ദുൾ മജീദ് പി സി, കൃഷി ഓഫീസർ |
| 1-27 | 42,007 | ശ്രീ.മനോജ് കുമാർ. കെ.ടി, സെക്രട്ടറി |
| | 15,01,919 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നീന പി, അസിസ്റ്റന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ | കൊളത്തൊടി, ചാലിയം,കോഴിക്കോട് |

| | | |
|---|---|---|
| എഞ്ചിനീയർ | നൊച്ചാട് ഗ്രാമപഞ്ചായത്ത് | |
| ശ്രീമതി. നീതു തോമസ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കായണ്ണ ഗ്രാമപഞ്ചായത്ത് | കാരത്തടത്തിൽ ചക്കിട്ടപ്പാറ, കോഴിക്കോട് , |
| ശ്രീ.മനോജ്കുമാർ കെ.ടി, സെക്രട്ടറി | സെക്രട്ടറി കായണ്ണ ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ താമരശ്ശേരി, കോഴിക്കോട് |
| ശ്രീമതി. രജനി ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ കായണ്ണ ഗ്രാമപഞ്ചായത്ത് | നമ്പിത്തുർ , മേഞ്ഞാണ്യം പേരാമ്പ്ര |
| അബ്ദുൾ മജീദ്. പി.സി കൃഷി ഓഫീസർ | കൃഷി ഓഫീസർ കായണ്ണ ഗ്രാമപഞ്ചായത്ത് | അസ്മിന, കൊളത്തുർ, പിഒ. അത്തോളി |

## 4 -11 തീർപ്പാക്കാൻ അവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ.കെ. കെ.ഡി.പി.3/1478 /21(4) | 2 | 2-2, 3-3 |

| | | | |
|---|---|---|---|
| | തീ. 23.09.22 | | |
| 2016-17 | കെ.എസ്.എ.കെ.<br>കെ.ഡി.പി.3/190/22<br>തീ-02.04.2022 | 6 | 2-1(1),3-1, 3-2, 3-3,<br>3-4(3), 3-4(4),<br>3-5( 1)(2)(3)(4)(5) |
| 2017-18 | കെ.എസ്.എ.കെ.<br>കെ.ഡി.പി.3/191/22<br>തീ- | 4 | 3-1(4),3-2, 3-3,3-5 |
| 2018-19 | കെ.എസ്.എ.കെ.<br>കെ.ഡി.പി.3/1552/21<br>തീ-07.04.2022 | 17 | 1-2, 1-3, 1-4, 1-5,<br>1-8, 1-9, 1-10, 1-12,<br>1-13, 1-15, 1-16, 1-18,<br>1-20, 1-21, 1-22,<br>3-1,<br>4-11 |
| 2019-20 | കെ.എസ്.എ.കെ.<br>കെ.ഡി.പി.3/1611/21<br>തീ-06.04.2022 | 19 | 1-2-1,1-2-2, 1-2-3,<br>1-2-7, 1-4, 1-9, 1-11,<br>1-12, 1-13, 1-15,<br>1-17-1, 1-17-2,1-17-3,<br>1-18, 1-19, 1-20,<br>1-21, 1-22, 4-11 |
| 2020-21 | കെ.എസ്.എ.കെ.<br>കെ.ഡി.പി.3/1859/22<br>തീ-25.05.2023 | 32 | 1-1,1-2(1,6,7,8,9),<br>1-4-1, 1-4-2, 1-11,<br>1-13,1-14,(3,4,5)<br>1-15, 1-16, 1-18, 1-19,<br>1-20,1-24, 1-25,<br>1-26, 1-28, 1-29,<br>1-30,<br>1-31,1-33,1-34(1,4,5)<br>3-3, 4-8,4-11 |
| 2021 -22 | കെ.എസ്.എ.കെ.<br>കെ.ഡി.പി.3/372/23<br>തീ-30.05.2023 | 14 | 1-1,1-2-1, 1-7, മുതൽ<br>1-16വരെ, 4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1)/2023 dated 30-06-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kayanna Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kayanna Grama Panchayat for the year 2022-2023

Date: 20/11/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Kayanna Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit. (eg:- Ratios and Notes)

2. Cash flow statement-Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Cheques uncashed for more than three months were not transfered to Stale cheque account.

4. Physical verification certificate of closing stock has not been recorded.

5. E- Tender Fee does not deposit Own Fund Account

6. Misclassification of Receipt voucher.

7. The following registers are not maintained (Investment)

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്